# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാന സർക്കാർ മുഖേന കേന്ദ്രസർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

2325 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ മുഖേന കേന്ദ്രസർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ സംസ്ഥാനത്ത് എന്തെല്ലാം വകുപ്പുകൾ വഴിയാണ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ ഓരോ പദ്ധതിയ്ക്കായി ഓരോ വകുപ്പിന് എന്ത് തുക കേന്ദ്രം അനുവദിച്ചു ; വകുപ്പ് അടിസ്ഥാനത്തിൽ തുകയുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഓരോ വകുപ്പുകൾക്കും അനുവദിച്ച തുകയും അത് ഏതെല്ലാം പ്രവൃത്തികൾക്കായി ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ഓരോ വകുപ്പിലും ചിലവഴിക്കാത്ത തുക സംബന്ധിച്ച വിശദാംശം, ചിലവഴിക്കാത്തതിന് കാരണം സഹിതം വ്യക്തമാക്കാമോ ;

(ഇ) കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിക്കുകയും അത് നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിക്കാതെ തുക ലാപ്സായ സംഭവം 2012-13-ൽ ഉണ്ടായിട്ടുണ്ടോ ; ഇനം തിരിച്ച് ഏതെല്ലാം കാര്യങ്ങൾക്കാണ് കേന്ദ്രം തുക അനുവദിച്ചത് എന്നും, തുക ചിലവഴിക്കാത്തതിന്റെ കാരണവും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിന് നടപടി</u>

2326 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയോ, സാമ്പത്തിക ഞെരുക്കമോ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ സാമ്പത്തികനില മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലെ സർക്കാരിന്റെ ട്രഷറി ബാലൻസ് എത്ര ; വിശദാംശം വ്യക്തമാക്കുമോ ;

(സി) 2013-14-ലെ ബജറ്റ് വിഹിതത്തെക്കാൾ നാളിതുവരെ അധികം തുക ചിലവഴിച്ച വകുപ്പ് ഏതെന്നും എത്ര തുകയുടെ അധിക വിഹിതമാണ് ചിലവഴിച്ചതെന്നും വ്യക്തമാക്കുമോ ;

(ഡി) വരുമാന വർദ്ധനവിനായി സംസ്ഥാനത്തെ ഓരോ വകുപ്പുകൾക്കും നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം ; ഏതെല്ലാം വകുപ്പുകൾ ഫലപ്രദമായി പ്രവർത്തിച്ചുവെന്നും ഏതെല്ലാം വകുപ്പുകൾ ഇതിൽ വീഴ്ച വരുത്തിയെന്നും വ്യക്തമാക്കാമോ;

(ഇ) 2013-14 സാമ്പത്തികവർഷം നാളിതുവരെ ധനവകുപ്പിന്റെ അനുമതിയോടെ വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ സൃഷ്ടിച്ചു ; അനുമതിയില്ലാതെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു ; വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ ;

(എഫ്) സംസ്ഥാനത്ത് എത്ര താല്ക്കാലിക തസ്തികകൾ നിലവിലുണ്ട് ; ഇവരെ സ്ഥിരപ്പെടുത്തുവാൻ എന്തെങ്കിലും നടപടി സ്ഥീകരിച്ചുവോ ; വിശദാംശം ലഭ്യമാക്കുമോ ;

(ജി) സർവ്വീസിൽനിന്നും പെൻഷൻ പറ്റിയ എത്രപേർക്ക് വിവിധ സ്ഥലങ്ങളിൽ നിയമനം നൽകിയിട്ടുണ്ട് ; ആയത് ഏതെല്ലാം തസ്തികകളിലാണെന്നും ഇവർക്കായി പ്രതിമാസം ശമ്പളയിനത്തിൽ ചിലവഴിക്കുന്ന തുക എത്രയാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ കടബാധ്യത കുറയ്ക്കുന്ന കർമ്മ പദ്ധതികൾ</u>

2327 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ സംസ്ഥാനത്തിന്റെ കടബാധ്യതയിൽ കേന്ദ്രത്തിലെ വിവിധ മന്ത്രാലയങ്ങളിൽ നിന്നും വാങ്ങിയിട്ടുള്ള കടം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര കോടി രൂപ എഴുതിതള്ളണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ കടബാധ്യത കുറയ്ക്കുന്നതിന് എന്തൊക്കെ കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

സംസ്ഥാനത്തിന്റെ കടബാധ്യത

2328 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഇപ്പോൾ കടക്കെണിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം നിലയിൽ ; വിശദമാക്കാമോ ;

(ബി) കടക്കെണിയിലാണെങ്കിൽ അതിൽനിന്ന് രക്ഷപ്പെടാൻ സർക്കാർ സ്വീകരിച്ച് ഫലപ്രാപ്തിയിലെത്തിയതായി കരുതുന്ന നടപടി എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>അധിക വിഭവ സമാഹരണം</u>

2329

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013-14 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ അധിക വിഭവ സമാഹരണം വഴി ലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ലായെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

ബജറ്റും അധക ചെലവും

2330

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. വി. വിജയദാസ്
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തന്നാണ്ടിലെ ബജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ അധിക ചെലവ് നേരിട്ട ബജറ്റ് ഇനങ്ങൾ ഏതൊക്കെയാണ്;

(ബി) ബജറ്റിൽ പറഞ്ഞത് വകവെക്കാതെ ചെലവ് നടത്തിയതിന്റെ ഫലമായി സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ എത്ര രൂപയുടെ കടം കൂടുതലായി എടുക്കേണ്ടിവന്നിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) കേരളത്തിന് അനുവദിച്ച മൊത്തം വായ്പയുടെ എത്ര ശതമാനം ഇതിനകം എടുത്തു; പദ്ധതി പ്രവർത്തനങ്ങൾ എത്ര ശതമാനം അവശേഷിക്കുന്നു; കൂടുതൽ വായ്പ എടുക്കാൻ പറ്റാത്ത സാഹചര്യം നിലവിലുണ്ടോ; ഈ നില തുടർന്നാൽ സാമ്പത്തികവർഷാവസാനമാകുമ്പോൾ പരിധിയിൽ കൂടുതൽ എത്ര രൂപയുടെ കടമെടുക്കേണ്ടതായി വരുമെന്ന് കണക്കാക്കുന്നു; പദ്ധതി പ്രവർത്തനം അപ്പോൾ ഏതു സ്ഥിതിയിലാകും; വിശദമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>അസറ്റ് ഡവലപ്പ്മെന്റ് ഫണ്ട്</u>

2331 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസറ്റ് ഡവലപ്പ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കാലതാമസവും നടപടിക്രമങ്ങളുടെ ബാഹുല്യവും നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനായി, എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ട് വിനിയോഗിക്കുന്ന അതേ മാതൃകയിൽ അസറ്റ്ഡവലപ്പ്മെന്റ് ഫണ്ടും കൈകാര്യം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കോസ്റ്റ് എസ്കലേഷൻ എസ്റ്റിമേറ്റുകൾ</u>

2332 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റശേഷം, ധനകാര്യ വകുപ്പ് ചീഫ് ടെക്നിക്കൽ എഞ്ചിനീയർ ആകെ എത്ര കോടി രൂപയുടെ കോസ്റ്റ് എസ്കലേഷൻ എസ്റ്റിമേറ്റുകളിൽ നൽകാനായി ശുപാർശ ചെയ്യുകയുണ്ടായി; ഇതിൽ സർക്കാർ തലത്തിൽ അംഗീകരിച്ചവ എത്രയായിരുന്നു; വ്യക്തമാക്കാമോ;

(ബി) മാർക്കറ്റ് നിരക്കുകളുമായി താരതമ്യ പഠനം നടത്തിയിട്ടാണോ ഇപ്രകാരം കോസ്റ്റ് എസ്കലേഷൻ ശുപാർശ ചെയ്തിരുന്നത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ഏറ്റവും അധികം എസ്കലേഷൻ നല്കിയ ഇരുപത്തിയഞ്ച് കേസുകളുടെ കരാറുകാരുടെ പേരും, പ്രവൃത്തിയുടെ അടങ്കലും നല്കിയ എസ്കലേഷനും വിശദമാക്കാമോ; ഏതെല്ലാം ജില്ലകളിൽപെട്ട പ്രവൃത്തികളാണിവ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

2005- 06 മുതൽ 2013 -14 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തിലെയും മൂലധനചെലവ്

2333 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2005 -06 മുതൽ 2013 -14 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തിലും സംസ്ഥാനത്തിന്റെ മൂലധന ചെലവ് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തിന്റെ മൊത്തം ചെലവിന്റെ എത്ര ശതമാനം മൂലധനച്ചെലവായി വിനിയോഗിച്ചുവെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

2006-2007 മുതൽ 2013-14 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തിലും ചിലവഴിച്ച തുക

2334 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006-2007 മുതൽ 2013-14 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തിലും വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം, ശുദ്ധജല വിതരണം എന്നിവയ്ക്കായി ചിലവഴിച്ച തുകയുടെ വിശദമായ പട്ടിക ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഓരോ വിഭാഗത്തിലെയും ജീവനക്കാർക്കു ശമ്പളവും, ബത്തയും നൽകുവാൻ ഇതേ കാലയളവുകളിൽ വിനിയോഗിച്ച തുകയുടെ പട്ടിക പ്രത്യേകമായി ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>നടപ്പ് സാമ്പത്തികവര്‍ഷത്തെ പദ്ധതി നിര്‍വ്വഹണ ചെലവ്</u>

2335 ഡോ. ടി. എം. തോമസ് ഐസക്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പി. ശ്രീരാമകൃഷ്ണന്‍
,, കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാമ്പത്തിക ബുദ്ധിമുട്ടുകള്‍ മൂലം പദ്ധതിയുടെ അടങ്കല്‍ തുക വെട്ടിക്കുറക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ വിശദാംശം വ്യക്തമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വര്‍ഷത്തെ പദ്ധതി നിര്‍വ്വഹണത്തിനായി എന്ത് തുകയാണ് നീക്കിവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) 2013 ഡിസംബര്‍ 31 വരെ പദ്ധതി നിര്‍വ്വഹണത്തിനായി എത്ര കോടി രൂപ ഏതെല്ലാം മേഖലകളില്‍ ചിലവഴിച്ചു എന്നും ഇത് പദ്ധതി നിര്‍വ്വഹണത്തിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ നികുതി വരുമാനമായി കണക്കാക്കിയിരുന്നതില്‍ എത്ര ശതമാനം നികുതി പിരിഞ്ഞുകിട്ടിയെന്നും നികുതി പിരിവിലുണ്ടായ കുറവിന്റെ കാരണങ്ങള്‍ എന്തെന്നും വ്യക്തമാക്കുമോ;

(ഇ) പൊതുകടമെടുപ്പിന് സംസ്ഥാനത്തിന് കേന്ദ്രം അനുവദിച്ച തുകയില്‍ ഡിസംബര്‍ 31 വരെയായി എന്തു തുക കടമെടുത്തെന്ന് വ്യക്തമാക്കുമോ;

(എഫ്) പൊതു കടമെടുപ്പില്‍ നടപ്പു സാമ്പത്തിക വര്‍ഷം എന്തു തുക ലഭ്യമാകുമെന്നും പ്രസ്തുത തുക വര്‍ദ്ധിപ്പിക്കുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പ്ലാൻഫണ്ടിന്റെ ജില്ലാതല അലോക്കേഷൻ</u>

2336 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14, എന്നീ ധനകാര്യവർഷങ്ങളിലെ പ്ലാൻ ഫണ്ടിന്റെ ജില്ലാതല അലോക്കേഷന്റെയും, വിനിയോഗത്തിന്റെയും വകുപ്പുതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ ഓരോ വകുപ്പിനും നീക്കി വച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിന്റെയും വിനിയോഗത്തിന്റെയും കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പ്രാദേശിക വികസനത്തിനായുള്ള ഫണ്ട്</u>

2337 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രാദേശിക വികസനത്തിനായുള്ള പ്രത്യേക പദ്ധതി പ്രകാരം സംസ്ഥാനത്തെ എത്ര പദ്ധതികള്‍ക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് ജില്ലകള്‍ തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2013-14 വര്‍ഷത്തില്‍ പ്രാദേശിക വികസനത്തിനായുള്ള പ്രത്യേക പദ്ധതിക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>2013-14 സംസ്ഥാന ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന് ബഡ്ജറ്റ് വിഹിതമായി നൽകിയ തുക</u>

2338 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സംസ്ഥാന ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന് ബഡ്ജറ്റ് വിഹിതമായി എന്തു തുകയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിന് ബഡ്ജറ്റിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചിലവഴിച്ചിട്ടുണ്ടോ; എങ്കിൽ കൂടുതൽ തുക അനുവദിക്കേണ്ടതാണെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) പൊതുമരാമത്ത് വകുപ്പിന് ബഡ്ജറ്റിൽ അനുമതി നൽകിയതിനേക്കാൾ കൂടുതലായി വിവിധ പദ്ധതികൾക്ക് കൂടുതൽ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ പദ്ധതികൾ ഏതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഓരോ ജില്ലയ്ക്കും കൂടുതലായി അനുവദിച്ച തുകയും വ്യക്തമാക്കുമോ;

(ഡി) പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച തുക പൊതു ബഡ്ജറ്റിലെ എത്ര ശതമാനം തുകയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ചെറുകിട വ്യാപാരികൾക്ക് സാമ്പത്തിക സഹായം

2339 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യാപാരികൾക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിനുള്ള എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ബി) ആയത് ലഭ്യമാക്കാൻ നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>മങ്കട ഗവ. കോളേജ് കെട്ടിടം നിര്‍മ്മിക്കുന്നതിന് അനുമതി</u>

2340 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം മങ്കട ഗവ. കോളേജ് കെട്ടിടം നിര്‍മ്മിക്കുന്നതിന് സര്‍ക്കാര്‍ ഏജന്‍സിയായ കിറ്റ്കോക്ക് അനുമതി നല്‍കണമെന്ന ആവശ്യം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത വിഷയത്തില്‍ ഇത് വരെ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>ബാലുശ്ശേരിയിലെ താലൂക്ക് ആശുപത്രി</u>

2341 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിലെ താലൂക്ക് ആശുപത്രിയിൽ മിനിമം ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും തസ്തിക അനുവദിക്കുന്നതിന് ആരോഗ്യ വകുപ്പിൽനിന്ന് ശുപാർശ ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തസ്തികകൾ അനുവദിക്കുന്നത് വേണ്ട നടപടി ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ചാത്തന്നൂർ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ വാട്ടർ ടാങ്ക് നിർമ്മാണം</u>

2342 ശ്രീ.ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിലവിൽ ഏറ്റെടുക്കുവാൻ കഴിയുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് നിർദ്ദേശിക്കുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് അറിയിച്ചുകൊണ്ടുള്ള സർക്കുലർ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുണ്ടോ; അതിൻപ്രകാരം പ്രവൃത്തി നിർദ്ദേശം ലഭിച്ച എത്ര നാളുകൾക്കകം ഭരണാനുമതി നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ചാത്തന്നൂർ മണ്ഡലത്തിലെ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിലേക്ക് എന്നാണ് നിർദ്ദേശം നൽകിയത്; നാളിതുവരെയുള്ള പ്രവർത്തന പുരോഗതി അറിയിക്കുമോ; പ്രവൃത്തി നടപ്പിലാക്കുവാൻ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

ധനകാര്യവകുപ്പിൽ തീർപ്പുകല്പിക്കാനുള്ള ഫയലുകൾ

2343 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിൽ നിലവിൽ തീർപ്പുകൽപ്പിക്കാതെ എത്ര ഫയലുകളുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലുകളിൽ സർക്കാർ കെട്ടിടങ്ങൾ നിർമ്മിക്കൽ, റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിക്കൽ, ഭൂമി ഏറ്റെടുക്കൽ എന്നീ ഇനങ്ങളിൽ ഓരോന്നിലും പണം അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതിക്കായി വന്ന എത്ര ഫയലുകൾ തീർപ്പാകാതെ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(സി) വ്യക്തിഗത ആനുകൂല്യങ്ങൾക്കായുള്ള എത്ര ഫയലുകൾ നിലവിൽ തീർപ്പാക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ശമ്പള പരിഷ്കരണത്തിലെ അനോമലികൾ</u>

2344 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ ശമ്പള പരിഷ്കരണത്തിലെ എത്ര അനോമലികളാണ് ഇത് വരെ പരിഹരിച്ചിട്ടുള്ളതെന്നും, അവ പരിഹരിച്ച് പുറത്തിറക്കിയ ഉത്തരവുകളുടെ പകർപ്പ് സഹിതം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് വിവിധ വകുപ്പുകൾ ചിലവാക്കിയ തുക</u>

2345 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013-2014 സാമ്പത്തിക വർഷത്തിൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് വിവിധ വകുപ്പുകൾ എന്തു തുക ചിലവഴിച്ചു എന്ന് വ്യക്തമാക്കാമോ ; വിവിധ വകുപ്പുകളുടെ കണക്കുകൾ വാഹനങ്ങളുടെ എണ്ണം സഹിതം വെവ്വേറെ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പുതിയ തസ്തികകളും ആഫീസുകളും സൃഷ്ടിക്കുന്നതിനെതിരെ നിരോധനം</u>

2346 ശ്രീ.കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പുതിയ തസ്തികകളും ഓഫീസുകളും സൃഷ്ടിക്കുന്നത് സംബന്ധിച്ച് ധനകാര്യവകുപ്പ് പുറപ്പെടുവിച്ച നടപ്പുവർഷത്തെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പുതിയ തസ്തികകളും ആഫീസുകളും സൃഷ്ടിക്കരുതെന്ന ഉത്തരവ് ലംഘിക്കപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനെതിരെ നിരോധനം ഏർപ്പെടുത്തിയത് ഏത് തീയതിമുതലാണ്?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>സർക്കാർ വകുപ്പുകൾ വഴിയുള്ള സേവനങ്ങളുടെ ചാർജ്ജ് വർദ്ധനവ്</u>

2347 ശ്രീ.എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ വകുപ്പുകൾ വഴിയുള്ള എന്തെല്ലാം സേവനങ്ങളുടെ ചാർജ്ജ്/ഫീസ് വർദ്ധനവ് വരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം നടപടിയിലൂടെ എന്തു തുക വീതം അധികവരുമാനം ലക്ഷ്യമിടുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) തന്നാണ്ടിൽ പ്രതീക്ഷിച്ച വരുമാന മാർഗ്ഗങ്ങളിൽ ലക്ഷ്യപ്രാപ്തി കൈവരിക്കാത്തവ ഏതെല്ലാം ഇനങ്ങളായിരുന്നുവെന്നു വിശദമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നത് സംബന്ധിച്ച്

2348 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജിയേറ്റ് വിദ്യാഭ്യാസ വകുപ്പിൽ മാർഇവാനിയോസ് കോളേജിൽ നിന്നും റിട്ടയർചെയ്ത സെലക്ഷൻ ഗ്രേഡ് ലക്ചറർ ഡോ. പി. വി ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നത് സംബന്ധിച്ച് 34180/സി/2012/ഫിൻ എന്ന നമ്പരിലുള്ള ഫയലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഡോ. പി.വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കോളേജിയേറ്റ് വിദ്യാഭ്യാസ വകുപ്പിലെ ലക്ചർമാർക്ക് ഇതിന് സമാനമായ കേസുകളിൽ അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) എങ്കിൽ ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകണമെന്ന ഫയലിൽ അടിയന്തിരമായി തീരുമാനം എടുക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>സേവനാവകാശനിയമപ്രകാരമുള്ള പിഴ</u>

2349 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശനിയമപ്രകാരം പിഴ ഒടുക്കുന്നതിന്റെ ശീർഷകം എന്താണെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുതശീർഷകത്തിൽ സംസ്ഥാനത്തെ ട്രഷറികളിൽ എന്തെങ്കിലും തുക അടവായിട്ടുണ്ടോയെന്നും, ഉണ്ടെങ്കിൽ, എത്ര തുകയെന്നും, ആരൊക്കെയാണ് തുക അടച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>പാര്‍ട്ട് ടൈം കണ്ടിജന്റ് ജീവനക്കാര്‍ക്കും പ്രൈമറി അദ്ധ്യാപകര്‍ക്കും ലഭിക്കുന്ന പെന്‍ഷന്‍</u>

2350 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2004-ലെ പെന്‍ഷന്‍ പരിഷ്കരണ ഉത്തരവിന്‍ പ്രകാരം 3000 രൂപ മാക്സിമം ശമ്പളം ലഭിക്കുന്ന പാര്‍ട്ട് ടൈം കണ്ടിജന്റ് ജീവനക്കാര്‍ക്ക് ലഭിക്കുന്ന മാക്സിമം പെന്‍ഷന്‍ തുക എത്രയാണ് ;

(ബി) പ്രസ്തുത ഉത്തരവിന്‍ പ്രകാരം 8,390/- രൂപ മാക്സിമം ശമ്പളം ലഭിക്കുന്ന പാര്‍ട്ട് ടൈം പ്രൈമറി അദ്ധ്യാപകര്‍ക്ക് 4,195/- രൂപ മാക്സിമം പെന്‍ഷന്‍ ലഭിക്കാന്‍ അര്‍ഹതയുണ്ടോ ; വിശദാംശങ്ങള്‍ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>2013 മാര്‍ച്ച് 31 ന് ശേഷം സര്‍ക്കാര്‍ സര്‍വ്വീസില്‍ പ്രവേശിച്ചിരിക്കുന്നവര്‍ക്ക് പി. എഫ്</u>

2351 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013 മാര്‍ച്ച് 31 ന് ശേഷം സര്‍ക്കാര്‍ സര്‍വ്വീസില്‍ പ്രവേശിച്ചിരിക്കുന്നവര്‍ക്ക് ജനറല്‍ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് തുടങ്ങാന്‍ പറ്റാത്ത സാഹചര്യം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) ജി. പി. എഫ് അക്കൗണ്ട് പ്രസ്തുത ജീവനക്കാര്‍ക്ക് കൂടി ഏര്‍പ്പെടുത്തുന്നതിന് സര്‍ക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്ന ഇടപെടലുകള്‍ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാരുടെ ക്ഷാമബത്ത ജി. പി. എഫില്‍ ലയിപ്പിക്കാനാവാത്ത സാഹചര്യത്തില്‍ പ്രസ്തുത തുക എന്ത് ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ വ്യവസ്ഥകൾ</u>

T.2352 ശ്രീ. വി. ശിവൻകുട്ടി
'' ജി. സുധാകരൻ
'' കെ. കുഞ്ഞമ്മത് മാസ്റ്റർ
'' റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ 1 മുതൽ നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ സംവിധാനത്തിന്റെ വ്യവസ്ഥകൾ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ അതേക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഭാഗമായി നാഷണൽ പെൻഷൻ സ്കീം ട്രസ്റ്റുമായും നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡുമായും എന്തെല്ലാം കരാറുകളിലാണ് ഒപ്പുവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ അംഗീകരിച്ച എല്ലാ വ്യവസ്ഥകളും കരാറിൽ ഇരു സ്ഥാപനങ്ങളും പൂർണ്ണമായും അംഗീകരിക്കുകയുണ്ടായോ; ഏതെങ്കിലും വ്യവസ്ഥകൾ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അതേക്കുറിച്ച് വിശദമാക്കാമോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതിയിലേക്ക് പുതുതായി കൊണ്ടുവന്ന ഇതരവിഭാഗങ്ങൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പങ്കാളിത്തപെൻഷൻ പദ്ധതി</u>

T.2353 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്തപെൻഷൻ പദ്ധതി നടപ്പിലാക്കിയ 01.04.2013-നുശേഷം എത്ര ജീവനക്കാർ സർക്കാർ സർവ്വീസിൽ പ്രവേശിച്ചുവെന്ന് കാറ്റഗറി തിരിച്ചു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരിൽനിന്നും പെൻഷൻ വിഹിതം സ്വീകരിച്ചുതുടങ്ങിയോ; എങ്കിൽ, എന്നുമുതലാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) പ്രസ്തുത തുക ഏത് അക്കൗണ്ടിലാണു നിക്ഷേപിച്ചിരിക്കുന്നത്;

(ഡി) പ്രസ്തുത ജീവനക്കാരുടെ 31.12.2013 വരെയുള്ള പെൻഷൻ വിഹിതം എത്ര രൂപയാണെന്നു വ്യക്തമാക്കുമോ;

(ഇ) സർക്കാർ വിഹിതം എത്ര രൂപയാണ്; പ്രസ്തുത തുക എവിടെയാണു നിക്ഷേപിച്ചിരിക്കുന്നത്?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി - ജീവനക്കാരുടെയും സർക്കാരിന്റെയും വിഹിതം</u>

T.2354 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ എത്ര ജീവനക്കാർ 2013 ഡിസംബർ 31 വരെ അംഗങ്ങളായിട്ടുണ്ട് ;

(ബി) ഇവരിൽ നിന്നും ജീവനക്കാരുടെ വിഹിതം പിടിച്ചെടുക്കുന്നുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയിലേക്കുള്ള സർക്കാർ വിഹിതം എത്രമാസം വരെയുള്ളതാണ് ഇതിനകം അടച്ചിട്ടുള്ളത് ;

(ഡി) ഏത് ഏജൻസിയെയാണ് പദ്ധതി നടപ്പിലാക്കാൻ ഏല്പിച്ചത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ വിഹിതം</u>

T.2355 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013 ഏപ്രിൽ ഒന്നിന് ശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരിൽ നിന്നും നാളിതുവരെ പെൻഷൻ വിഹിതം സ്വീകരിച്ചിട്ടില്ലായെന്നും സർക്കാർ വിഹിതം നിക്ഷേപിച്ചിട്ടില്ലായെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

2356

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ചേർന്നവരുടെ വിരമിക്കൽ പ്രായം എത്രയാണ്; വ്യക്തമാക്കാമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ കേരളത്തിലെ ഫണ്ട് മാനേജർ ആരൊക്കെയാണ്; പെൻഷൻ ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാൻ വ്യവസ്ഥയുണ്ടോ;

(സി) പ്രസ്തുത പെൻഷൻ പദ്ധതിയിൽ മുൻകാല പ്രാബല്യത്തോടെ 2002 മുതലുള്ള ജീവനക്കാരെ ഉൾപ്പെടുത്താൻ പി.എഫ്.ആർ.ഡി.എ. ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാകുന്ന ജീവനക്കാർക്ക് നിലവിലുള്ള പ്രൊവിഡന്റ് ഫണ്ടിൽ ചേരാൻ വ്യവസ്ഥയുണ്ടോ;

(ഇ) പങ്കാളിത്ത പെൻഷൻ പദ്ധതിയിലുള്ളവർക്ക് മിനിമം പെൻഷൻ, ഫാമിലി പെൻഷൻ, ആശ്രിത നിയമനം തുടങ്ങിയവ വ്യവസ്ഥ ചെയ്യുന്നുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം സർക്കാരിനുണ്ടായ ബാധ്യത</u>

2357 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം എത്ര രൂപയാണ് സർക്കാരിന് ബാധ്യത ഉള്ളത്; വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത കാലയളവിൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരിൽ നിന്നും തുക ഏത് രീതിയിൽ ഈടാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ</u>

T.2358 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ ഉത്തരവ് എന്നാണ് ഇറങ്ങിയതെന്നും ഇതനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തുവെന്നും വ്യക്തമാക്കുമോ ;

(ബി) 2013 മാർച്ചിനുശേഷം എത്ര പേർ പുതുതായി സംസ്ഥാന ഗവൺമെന്റ് സർവ്വീസിൽ വന്നവരുടെ പെൻഷൻ പ്രായം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) 2013 മാർച്ചിനു ശേഷം സർവ്വീസിൽ വന്നവർക്ക് പെൻഷനുവേണ്ടി എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഈ കാലയളവിൽ സർവ്വീസിൽ വന്നവർക്ക് പി.എഫ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ; ഈ ഇനത്തിൽ ജീവനക്കാരുടെ വിഹിതമായി എത്ര രൂപ അടച്ചുവെന്നും സർക്കാർ വിഹിതമായി എത്ര രൂപ അടച്ചുവെന്നും വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>നാഷണൽ സേവിംഗ്സ് ഡിപ്പാർട്ടുമെന്റിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെ തസ്തികകൾ</u>

2359 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ സേവിംഗ്സ് ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെ എത്ര തസ്തികകൾ ഇപ്പോൾ ഒഴിവുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികകയിൽ ഗ്രാമവികസനവകുപ്പിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസർമാരിൽനിന്നും ട്രാൻസ്ഫർ മുഖേനയുള്ള നിയമനത്തിനായുള്ള എത്ര തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>2013-14 സാമ്പത്തികവര്‍ഷം ലഭ്യമായ നികുതി വരുമാനം</u>

2360 ശ്രീ. എ. എ. അസീസ്
,, കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് 2013-2014 സാമ്പത്തിക വര്‍ഷത്തില്‍ നികുതി വരുമാനം പ്രതീക്ഷിച്ചിരുന്നത് എത്ര രൂപയാണ്;

(ബി) 2013 ഡിസംബര്‍ 31 വരെ എത്ര രൂപ നികുതി വരുമാന ഇനത്തില്‍ പിരിഞ്ഞ് കിട്ടി; വ്യക്തമാക്കാമോ;

(സി) ലക്ഷ്യമിട്ട നികുതി വരുമാനത്തിന്റെ എത്ര ശതമാനമാണ് ലഭ്യമായതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>നികുതിവരുമാനത്തിൽ ഉണ്ടായ കുറവ്</u>

2361 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. രാജു
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷത്തിൽ ഇതുവരെയായി വാണിജ്യ നികുതി, എക്സൈസ് തീരുവ, രജിസ്ട്രേഷൻ, വാഹന നികുതി എന്നീ ഇനത്തിലുള്ള വരുമാനം എത്രയാണെന്ന് ഇനം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത ഇനങ്ങളിൽ ഉണ്ടായിരുന്ന വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) നടപ്പുസാമ്പത്തിക വർഷം നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>നികുതി കുടിശ്ശിക</u>

2362 ശ്രീ. മാത്യൂ റ്റി. തോമസ്
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നികുതി പിരിവിൽ കഴിഞ്ഞ വർഷങ്ങളിലുണ്ടായ വർദ്ധനവ് കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നികുതി കിടിശ്ശിക തുക എത്ര രൂപ പിരിഞ്ഞുകിട്ടാനുണ്ട്;

(സി) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി വിശദമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>നികുതി വരുമാനം കുറഞ്ഞതിന്റെ കാരണം</u>

2363 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തികവർഷത്തിൽ ഇതുവരെയുള്ള നികുതി വരുമാനം എത്രയെന്നും ഇത് പ്രതീക്ഷിച്ചതിൽ എത്ര ശതമാനത്തിന്റെ കുറവാണ് ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) നികുതി വരുമാനം കുറഞ്ഞതിന്റെ പേരിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയോ സാമ്പത്തിക ബുദ്ധിമുട്ടോ ഉടലെടുത്തിട്ടുണ്ടോ ; എങ്കിൽ ഇത് വികസന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) നികുതി വരുമാനം കുറഞ്ഞിട്ടുള്ളതായി കണക്കാക്കുന്നുവെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>നികുതിയിനത്തിൽ ലഭിച്ച വരുമാനം</u>

2364 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13-ൽ നികുതിയിനത്തിൽ പിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയെന്നും പിരിച്ചെടുത്ത തുകയെത്രയെന്നും വ്യക്തമാക്കുമോ;

(ബി) 2013-14 സാമ്പത്തിക വർഷം നികുതിയിനത്തിൽ പിരിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്ന തുക എത്ര; നാളിതുവരെ പിരിച്ചെടുത്തത് എത്ര തുകയാണെന്ന് വ്യക്തമാക്കുമോ;

(സി) 2012-13, 2013-14 സാമ്പത്തിക വർഷം പെട്രോൾ/ഡീസൽ വില്പനയിലൂടെ നികുതിയിനത്തിൽ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>ചെറുകിട കച്ചവടസ്ഥാപനങ്ങളിലൂടെയുള്ള വിൽപന</u>

2365 ശ്രീ.കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട കച്ചവടസ്ഥാപനങ്ങളിലൂടെ പായ്ക്കറ്റിലാക്കിയ രാസവസ്തുക്കൾ ചേർത്ത ഭക്ഷ്യവസ്തുക്കൾ, ആരോഗ്യവർദ്ധകവസ്തുക്കൾ എന്നിവ വ്യാപകമായി വിറ്റഴിക്കുന്നതായി ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) ഇത്തരം വസ്തുക്കൾ വില്പന നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(സി) നികുതി വെട്ടിച്ചുള്ള പ്രസ്തുത വില്പന തടയാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>വാണിജ്യ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടി</u>

2366 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വാണിജ്യ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാണിജ്യ നികുതി പിരിവിൽ ഉണ്ടായ നിരക്ക് വർദ്ധന എത്രയാണെന്ന് വ്യക്തമാക്കാമോ; വാണിജ്യ നികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ചെക്ക് പോസ്റ്റുകളുടെ നവീകരണം</u>

2367 ശ്രീ. വി. ചെന്താമരാക്ഷൻ
,, ബി. ഡി. ദേവസ്സി
,, വി. ശിവൻകുട്ടി
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെക്ക് പോസ്റ്റുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടിമൂലം ചെക്ക് പോസ്റ്റുകൾ വഴിയുള്ള നികുതി വെട്ടിപ്പ് എത്രത്തോളം തടയാൻ കഴിഞ്ഞു;

(സി) സംസ്ഥാനത്തെ നികുതി പിരിവ് ഉയരാത്തതിനുള്ള പ്രധാന കാരണം ചെക്ക് പോസ്റ്റുകളിൽ നികുതി വെട്ടിപ്പ് നടക്കുന്നതാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഹോളോബ്രിക്സ്, കമ്പി, സിമന്റ് എന്നിവയുടെ ചെക്ക് പോസ്റ്റുകളിൽ കൂടിയുള്ള അനധികൃത കടത്തും നികുതി വെട്ടിപ്പും തടയുന്നതിന് എന്തുനടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഇ) അന്യസംസ്ഥാനങ്ങളിൽനിന്നുകൊണ്ടുവരുന്ന കോഴിയുടെയും കോഴിയിറച്ചിയുടെയുംമേലുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് പുതുതായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>വാളയാർ, അമരവിള ചെക്ക് പോസ്റ്റുകളുടെ നവീകരണം</u>

2368 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാളയാർ, അമരവിള ചെക്ക്പോസ്റ്റുകളുടെ നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ; ആയത് എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ചെക്ക്പോസ്റ്റുകളിലൂടെയുള്ള നികുതി വരുമാനത്തിന്റെ കാര്യത്തിൽ സർക്കാർ വന്നതിനുശേഷമുള്ള സ്ഥിതി വിവരക്കണക്കുകൾ വ്യക്തമാക്കാമോ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

വാളയാർ ചെക്ക് പോസ്റ്റ് നവീകരണം

2369 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാളയാർ ചെക്ക്പോസ്റ്റ് നവീകരണത്തിനുവേണ്ടി സ്ഥലം അക്വയർ ചെയ്യുന്ന നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) സ്ഥലം അക്വയർ ചെയ്യുന്നതിനെതിരായി ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ കേസ് അവസാനിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്നു വ്യക്തമാക്കാമോ;

(സി) വാളയാർ ചെക്ക്പോസ്റ്റിൽ ഇപ്പോൾ വേബ്രിഡ്ജ് പ്രവർത്തിക്കുന്നുണ്ടോ;

(ഡി) വേബ്രിഡ്ജിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>വാളയാർ ചെക്ക്പോസ്റ്റ് നവീകരണം</u>

2370 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാളയാർ ചെക്ക്പോസ്റ്റിൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്കുമൂലം ഇടപാടുകളിൽ വലിയ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നുള്ള വിവരം വ്യക്തമാക്കുമോ;

(ബി) ശാസ്ത്രീയമായ സംവിധാനങ്ങളും സാങ്കേതിക ക്രമീകരണങ്ങളും ഏർപ്പെടുത്തി വാളയാർ ചെക്ക് പോസ്റ്റ് നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നുള്ള വിവരം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പെട്രോൾ, ഡീസൽ വില വർദ്ധനയോടനുബന്ധിച്ച് ടാക്സ് വിഹിതം ഇളവ് ചെയ്യുന്നത് സംബന്ധിച്ച്</u>

T.2371 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കാലയളവിൽ എപ്പോഴെല്ലാം ഉണ്ടായ പെട്രോൾ, ഡീസൽ വില വർദ്ധനവുകളിലാണ് ടാക്സ് വിഹിതം ഇളവ് ചെയ്യാത്തത് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക ജനങ്ങളിൽ നിന്നും ഈടാക്കുന്നതിലൂടെ അധികമായി കിട്ടുന്ന ടാക്സ് വരുമാനം എത്രയാണെന്നു വെളിപ്പെടുത്താമോ;

(ബി) പെട്രോൾ, ഡീസൽ വില വർദ്ധനവുണ്ടാകുമ്പോൾ നിലവിൽ ടാക്സ് ഇളവ് നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>കോഴിക്കച്ചവടത്തിലെ നികുതി വെട്ടിപ്പ്</u>

2372 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷവും അതിന് ശേഷവും കോഴിക്കച്ചവടത്തിൽ നികുതി വെട്ടിപ്പ് നടത്തിയതിന്റെ പേരിൽ വാണിജ്യ നികുതി വകുപ്പ് പിഴ അടക്കാൻ നോട്ടീസ് നൽകിയത് എത്ര കോഴിക്കച്ചവടക്കാർക്കാണെന്നും പിഴ തുക മൊത്തം എത്രയാണെന്നും വെളിപ്പെടുത്താമോ;

(ബി) നോട്ടീസ് നല്കപ്പെട്ട എത്ര പേർ പിഴ അടയ്ക്കുകയുണ്ടായി; വാണിജ്യ നികുതി വകുപ്പിന്റെ നടപടിക്കെതിരെ എത്ര കോഴിക്കച്ചവടക്കാർ കോടതിയിൽ കേസ് നല്കുകയുണ്ടായി;

(സി) ഏതെങ്കിലും കേസിൽ കോടതി വിധി ഉണ്ടായിട്ടുണ്ടോ;

(ഡി) കേസ് നൽകിയവരുടെ പേര് വിവരം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

## ഇന്ധന-റോഡ്-വാഹനനികുതിയിനത്തിൽ കേന്ദ്രസർക്കാർ പിരിച്ചെടുത്ത തുക

2373 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14 എന്നീ സാമ്പത്തികവർഷങ്ങളിലായി സംസ്ഥാനത്തുനിന്നും ഇന്ധന-റോഡ്-വാഹനനികുതിയിനത്തിൽ എത്ര രൂപയാണ് കേന്ദ്രസർക്കാർ പിരിച്ചെടുത്തതെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും പിരിച്ചെടുത്ത തുകയുടെ എത്ര ശതമാനം തുക സംസ്ഥാനത്തിന്റെ റോഡുവികസനത്തിനായി ലഭ്യമാക്കിയെന്നും, അത് എത്ര തുക വീതമാണെന്നും വിശദമാക്കുമോ;

(സി) പിരിച്ചെടുക്കുന്ന തുകയുടെ 58% സംസ്ഥാനത്തെ ദേശീയപാതയുടെ വികസനത്തിനും, 22% പാലങ്ങളുടെയും, 20% സംസ്ഥാനറോഡുകളുടെയും നിർമ്മാണത്തിനും ഉപയോഗിക്കണമെന്നു നിഷ്ക്കർഷിച്ചിട്ടുണ്ടോ; എങ്കിൽ, ഇതു പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>2005-06 മുതൽ 2013-14 സാമ്പത്തിക വർഷം വരെയുള്ള നികുതി വരുമാനം</u>

2374 ശ്രീ.ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2005-06 മുതൽ 2013-14 സാമ്പത്തികവർഷം വരെയുള്ള നികുതി വരുമാനത്തിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റുകളിലെ പ്രതീക്ഷിത നികുതി വരുമാനത്തിന്റെ പട്ടികയും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പ്രവാസികളിൽ നിന്ന് ലഭിച്ച തുക</u>

2375 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രവാസികളിൽ നിന്നും സംസ്ഥാനത്തേക്കു 2011-2012, 2012-2013, 2013-2014 സാമ്പത്തിക വർഷത്തിൽ എന്തു തുക എത്തിയെന്നകാര്യം കണക്കാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ട്രഷറികളിൽ സേവനാവകാശനിയമം

2376 ശ്രീ. കെ. അച്ചുതൻ
'' അൻവർ സാദത്ത്
'' ജോസഫ് വാഴക്കൻ
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽ സേവനാവകാശനിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം സേവനങ്ങളാണ് ഇത് മുഖേന ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം ബോധവൽക്കരണ പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയില്‍ ചട്ടഞ്ചാല്‍ സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം</u>

2377 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ ചട്ടഞ്ചാല്‍ സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിര്‍മ്മിക്കുന്നതിന് തെക്കില്‍ വില്ലേജില്‍ എന്‍. എച്ച്- 17 ന് അരികിലായി 10 സെന്റ് സ്ഥലം വകുപ്പിന് കൈമാറി നല്‍കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) സ്ഥലം കൈമാറി കിട്ടിയതിന്റെ അടിസ്ഥാനത്തില്‍ ജി. ഒ. ആര്‍. റ്റി നം. 613/2011/ ധന ഉത്തരവു പ്രകാരം കെട്ടിടം നിര്‍മ്മാണത്തിന് അനുവദിച്ച തുക ഉപയോഗിച്ച് കെട്ടിടം നിര്‍മ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

പഴയങ്ങാടിയിലെ ട്രഷറി കെട്ടിട നിർമ്മാണം

2378 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പഴയങ്ങാടിയിൽ ട്രഷറി കെട്ടിട നിർമ്മാണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വ്യക്തമാക്കുമോ;

(ബി) ഇൻകെലിനെ ഏല്പിച്ച പ്രസ്തുത കെട്ടിടം പണി മുടങ്ങിക്കിടക്കുന്നതെന്തുകൊണ്ട്; കെട്ടിടം പണി എന്ന് ആരംഭിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

കുന്ദമംഗലത്ത് ഒരു സബ്ട്രഷറി തുടങ്ങുന്നതിനു നടപടി

2379 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏക സബ്താലൂക്ക് ആസ്ഥാനമായ കുന്ദമംഗലത്ത് ഒരു സബ്ട്രഷറി നിലവിലില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) കുന്ദമംഗലം സബ്ട്രഷറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ധനകാര്യ വകുപ്പിലെ 85271/എസ്റ്റി.സി3/2011/ഫിൻ നമ്പർ ഫയലിൻമേൽ ഇതുവരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>തരൂർ മണ്ഡലത്തിലെ വടകുഞ്ചേരി സബ്ട്രഷറിയുടെ പുതിയ കെട്ടിട നിർമ്മാണം</u>

2380 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ വടകുഞ്ചേരി സബ്ട്രഷറിയുടെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ നടപടി ഏതു വരെയായെന്ന് വിശദമാക്കുമോ;

(ബി) കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്;

(സി) പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള ഭൂമി ലഭ്യമായിട്ടും കെട്ടിട നിർമ്മാണത്തിനുള്ള നടപടി വൈകുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ഡി) ഒരു വകുപ്പിന്റെ കൈവശമുള്ള ഭൂമി അതിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൈവശാവകാശം ട്രഷറി വകുപ്പിന് ലഭിച്ചാൽ അവിടെ ട്രഷറി പണിയുന്നതിന് നിയമപരമായ തടസ്സം ഉണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

നൂറനാട് സബ്ട്രഷറി കെട്ടിടം നിർമ്മാണം

2381 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാവേലിക്കര നൂറനാട് സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ; ആവശ്യമായ സ്ഥലം ഏറ്റെടുത്തിണ്ടോ; വ്യക്തമാക്കുമോ ; കെട്ടിടനിർമ്മാണത്തിനാവശ്യമായ പ്രൊപ്പോസൽ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടുള്ള ഫയൽ നമ്പർ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>വൈക്കം സബ്-ട്രഷറിയുടെ പണികൾ</u>

2382 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം സബ്-ട്രഷറിയുടെ പണികൾ പൂർത്തിയാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) കരാറനുസരിച്ച് ട്രഷറിയുടെ പണികൾ എത്രനാളുകൾക്കകം പൂർത്തിയാക്കേണ്ടതാണെന്നും, കാലതാമസം എന്തുകൊണ്ടു സംഭവിച്ചതാണെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ ട്രഷറിയിലെത്തുന്നതിന് പ്രായമായ പെൻഷൻകാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പുതിയ കെട്ടിടത്തിൽ ട്രഷറിയുടെ പ്രവർത്തനം എന്നു തുടങ്ങാനാവുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ചാത്തന്നൂരിൽ സബ് ട്രഷറി കെട്ടിടം</u>

2383 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ സബ് ട്രഷറി നിർമ്മിക്കുന്നതിലേയ്ക്കായി സൗജന്യമായി ഭൂമി ബന്ധപ്പെട്ട വകുപ്പിന് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ലഭ്യമാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമിയിൽ ട്രഷറി ആവശ്യത്തിലേയ്ക്കായി കെട്ടിടം നിർമ്മിക്കുവാൻ നിവേദനം നൽകുകയും, ബന്ധപ്പെട്ട വകുപ്പ് നടപടികൾ ആരംഭിക്കുകയും ചെയ്തിട്ട് നാളിതുവരെയുള്ള പുരോഗതി എന്താണ്; വ്യക്തമാക്കാമോ;

(സി) നാഷണൽ ഹൈവേ വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ട്രഷറി പ്രവർത്തിക്കുന്ന കെട്ടിടം പൊളിക്കുന്ന സാഹചര്യം ഉള്ളതിനാൽ അടിയന്തരമായി കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുവാൻ സന്നദ്ധമാകുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ലോട്ടറി നറുക്കെടുപ്പിനുള്ള സംവിധാനം</u>

2384 ശ്രീ. കെ. മുരളീധരൻ
,, പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോട്ടറി നറുക്കെടുപ്പിന് യന്ത്രം ഉപയോഗിക്കുന്ന രീതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആയതിന്റെ സവിശേഷതകൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനമാണ് ഇതിന് വേണ്ടി സഹകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) ആയതിന്റെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) നറുക്കെടുപ്പിൽ പൊതുജനങ്ങൾക്ക് പങ്കെടുക്കുവാൻ അവസരം നൽകുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിതരണം</u>

2385 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിതരണത്തിൽ ചെറുകിട ഏജന്റുമാർക്ക് വേണ്ടത്ര ടിക്കറ്റുകൾ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഭാഗ്യക്കുറി ടിക്കറ്റ് വില്പനയിലുള്ള വർദ്ധനവ് കണക്കിലെടുത്ത് താലൂക്ക് തലത്തിൽ ഓഫീസുകളും കൂടുതൽ ജീവനക്കാരെയും നിയമിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോ ;

(സി) കേരള സംസ്ഥാന ഭാഗ്യക്കുറിയിൽ നിലവിലുള്ള സമ്മാനഘടനയിൽ മാറ്റം വരുത്തി കൂടുതൽ ആകർഷകമാക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ലോട്ടറി ബുക്കുകളുടെ കവറിൽ ബ്രെയിലി മുദ്രകൾ രേഖപ്പെടുത്തുന്നതിനു നടപടി</u>

2386 ശ്രീ. റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, എം. പി. വിൻസെന്റ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഴ്ചയില്ലാത്ത ലോട്ടറി വിൽപ്പനക്കാരായ ഏജന്റുമാർ കബളിപ്പിക്കപ്പെടാതിരിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇതിനായി ലോട്ടറി ബുക്കുകളുടെ കവറിൽ ബ്രെയിലി മുദ്രകൾ രേഖപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ;

(സി) ഏതെല്ലാം ടിക്കറ്റുകൾക്കാണ് പ്രസ്തുത സൗകര്യം ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; ആയതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ഭാഗ്യക്കുറി ഏജൻസി</u>

2387

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാഗ്യക്കുറി ഏജൻസി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) നിലവിൽ ഏജൻസി എടുക്കുന്നതിനുള്ള തടസ്സങ്ങൾ വ്യക്തമാക്കുമോ;

(സി) നിലവിൽ പ്രിന്റ് ചെയ്യുന്ന ലോട്ടറി ടിക്കറ്റുകളുടെ വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ഭാഗ്യക്കുറി വകുപ്പിൽ അധിക തസ്തികകൾ</u>

2388 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഓരോ ഭാഗ്യക്കുറിക്കും വേണ്ടി അച്ചടിക്കുന്ന ടിക്കറ്റുകളുടെ എണ്ണം എത്രയാണെന്ന് പറയാമോ;

(ബി) ഏജന്റുമാർക്ക് ആവശ്യത്തിന് ടിക്കറ്റ് വില്പനയ്ക്ക് ലഭിക്കാത്തതിനാൽ ടിക്കറ്റ് അച്ചടി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അന്യ സംസ്ഥാന ലോട്ടറികൾ നിരോധിച്ചതിന് ശേഷം ജില്ലാ ലോട്ടറി ആഫീസുകൾ വഴിയുള്ള ടിക്കറ്റ് വില്പനയും സമ്മാന വിതരണമുൾപ്പെടെയുള്ള ഇടപാടുകൾ വർദ്ധിച്ചതുകാരണം അധികരിച്ച ജോലിഭാരത്തിനനുസരണമായി ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കാതിരിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) സ്ഥിരം ജീവനക്കാരുടെ കുറവുകാരണം ഏജന്റുമാർക്ക് ലഭിക്കേണ്ട സേവനങ്ങൾക്ക് കാലതാമസം നേരിടുന്നത് ഒഴിവാക്കാൻ കൂടുതൽ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കരാർ അടിസ്ഥാനത്തിലുള്ള നിയമനം</u>

2389 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ട് സ്ക്കീം നടത്തിപ്പിനായി എത്ര ജീവനക്കാരെ കരാർ അടിസ്ഥാനത്തിലോ ദിവസ വേതനാടിസ്ഥാനത്തിലോ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 14 ജില്ലാ കോ-ഓാഡിനേറ്റർമാരെ ഈ അടുത്തകാലത്ത് കരാർ അടിസ്ഥാനത്തിൽ പദ്ധതിക്കുവേണ്ടി നിയമിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അവർ ആരെല്ലാമാണെന്നും ഏതെല്ലാം ജില്ലകളിൽ താമസിക്കുന്നവരാണെന്നും മേൽവിലാസം സഹിതം ലഭ്യമാക്കാമോ;

(ഡി) ഇവരെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) സർക്കാർ സ്ഥിരനിയമനത്തിന് വ്യവസ്ഥാപിതമായി പി.എസ്.സി നിലവിലുള്ളപ്പോൾ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരെ സ്ഥിരപ്പെടുത്തുവാനുള്ള നടപടി ഒഴിവാക്കുമോ;

(എഫ്) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പദ്ധതിയായതിനാൽ ആവശ്യമായ സ്ഥിരം തസ്തികകൾ സൃഷ്ടിച്ച് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

കാരുണ്യ ബനവലന്റ് ഫണ്ട് മുഖേന ചികിത്സാസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

2390 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാരുണ്യ ബനവലന്റ് ഫണ്ട് മുഖേന ചികിത്സാസഹായം ലഭ്യമാകുന്നതിനുള്ള മാനദണ്ഡവും, പ്രസ്തുത സഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും വിശദമാക്കുമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>കാരുണ്യ ബനവെലന്റ് പദ്ധതിയിലൂടെ നടത്തിയ സഹായം</u>

2391 ശ്രീ.ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് പദ്ധതിയിലൂടെ നൽകിയ ചികിത്സാ സഹായം രോഗികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ജില്ലതിരിച്ചുള്ള കണക്കുകൾ സഹിതം വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് ജില്ലയിൽ പ്രസ്തുത പദ്ധതിപ്രകാരം ഏതൊക്കെ ആശുപത്രികളിലാണ് ചികിത്സാ സഹായം ലഭ്യമാക്കുന്നത്;

(സി) ഉത്തര മലബാറിലെ ഭൂരിപക്ഷം ജനങ്ങളും ചികിത്സയ്ക്കായി ആശ്രയിക്കുന്ന മംഗലാപുരത്തെ പ്രധാന ആശുപത്രികളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

**കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സർക്കാർ/സ്വകാര്യ ആശുപത്രികൾ**

2392 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സ്വകാര്യ ആശുപത്രികളാണ് പ്രസ്തുതപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതി തുടങ്ങിയതിനുശേഷം സർക്കാർ സ്ഥാപനങ്ങളിലൂടെ എത്ര രോഗികൾക്ക്, ആകെ എന്തു തുക ധനസഹായമായി അനുവദിച്ചു; സ്ഥാപനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) പദ്ധതി തുടങ്ങിയതിനുശേഷം സ്വകാര്യസ്ഥാപനങ്ങളിലൂടെ എത്ര രോഗികൾക്ക്, ആകെ എന്തു തുക ധനസഹായമായി അനുവദിച്ചു; സ്ഥാപനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ശാന്തി ഫ്രീ ആന്റ് സബ്സിഡൈസ്ഡ് ഡയാലിസിസ് യൂണിറ്റിനെ കാരുണ്യാ ബെനവലന്റ് ഫണ്ടിലേക്ക് അക്രെഡിറ്റ് ചെയ്യുന്നത് സംബന്ധിച്ച്</u>

2393 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പോട്ട ധന്യ ഹോസ്പിറ്റലിൽ പ്രവർത്തിക്കുന്ന ശാന്തി മെഡിക്കൽ ഇൻഫർമേഷൻ സെന്റർ ഗുരുവായൂരിന്റെ കീഴിലുള്ള ശാന്തി ഫ്രീ ആന്റ് സബ്സിഡൈസ്ഡ് ഡയാലിസിസ് യൂണിറ്റിനെ കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് അക്രെഡിറ്റ് ചെയ്യുന്നതിനുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

വ്യാജമുദ്രപ്പത്ര വിതരണം

2394 ശ്രീ. എൻ. ഷംസുദ്ദീൻ
,, സി. മമ്മുട്ടി
,, കെ. എൻ. എ. ഖാദർ
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജമുദ്രപ്പത്ര വിതരണം കണ്ടെത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) മുദ്രപ്പത്രങ്ങൾ വ്യാജമായി നിർമ്മിച്ച് വിതരണം നടത്തിയതു സംബന്ധിച്ച എത്ര കേസുകൾ നിലവിലുണ്ട്; അവയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ;

(സി) കമ്പ്യൂട്ടറൈസേഷൻ ഏകദേശം പൂർണ്ണമായ സാഹചര്യത്തിൽ, രജിസ്ട്രേഷൻ സംബന്ധമായ സ്റ്റാമ്പ് ഡ്യൂട്ടി മുദ്രപ്പത്രം മുഖേനയല്ലാതെ ബാങ്ക് വഴി അടയ്ക്കുന്ന സമ്പ്രദായം ഏർപ്പെടുത്തുന്ന നടപടിക്രമങ്ങൾ സുഗമവും സുരക്ഷിതവും ആക്കുന്നതിന്ന് സഹായകരമാകുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>സ്വയംസംരംഭകത്വ വികസന മിഷൻ പദ്ധതി</u>

2395

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംസംരംഭക പദ്ധതി പ്രകാരം ആരംഭിച്ച യൂണിറ്റുകളുടെ എത്ര സംരംഭങ്ങൾ സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) എത്ര പേർക്കാണ് തൊഴിൽ ലഭ്യമായത് എന്ന് വിശദമാക്കാമോ;

(സി) ബാങ്കുകളിൽ നിന്ന് ആകെ എത്ര തുകയാണ് വായ്പയായി അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; ഇവ ജില്ല തിരിച്ച് നൽകാമോ;

(ഡി) ഓരോ ജില്ലയിലും ആകെ എത്ര അപേക്ഷകളാണ് പദ്ധതി തുടങ്ങാൻ ലഭിച്ചത് എന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>''കേരള സംസ്ഥാന സ്വയം സംരംഭകത്വ വികസന മിഷന്റെ പ്രവര്‍ത്തനം''</u>

T.2396 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷന്റെ പ്രവര്‍ത്തനങ്ങള്‍ക്കായി ഇതുവരെ എന്തു തുകയാണ് മുതല്‍മുടക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>സ്വയം സംരംഭകത്വ മിഷൻ വഴി തൊഴിൽ ലഭ്യമായവർ</u>

2397 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വയം സംരംഭകത്വ വികസന മിഷൻ സംസ്ഥാനത്ത് എന്നു മുതലാണ് നടപ്പിലാക്കി തുടങ്ങിയത് ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>കെ.എസ്.എഫ്.ഇ.യിലെ അറ്റന്റന്റുമാർക്ക് തസ്തികമാറ്റ പ്രമോഷൻ</u>

2398 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിലെ അറ്റന്റന്റുമാർക്ക് തസ്തികമാറ്റ പ്രമോഷൻ പത്തുശതമാനമാക്കി ഉത്തരവായിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉത്തരവു പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) 24.9.2013-ലെ 162/2013/റ്റി.ഡി. എന്ന ഉത്തരവുപ്രകാരമുള്ള അധികയോഗ്യത ജനറൽ വിഭാഗത്തിലെ അസിസ്റ്റന്റുമാർക്ക് ബാധകമാക്കിയിട്ടുണ്ടോ;

(സി) 24.9.2013-ലെ പ്രസ്തുത ഉത്തരവിനുമുമ്പ് തസ്തികമാറ്റ പരീക്ഷ പാസ്സായി നിയമനം പ്രതീക്ഷിച്ചുനില്ക്കുന്ന ശേഷിച്ച 26 പേർക്ക് വർദ്ധിപ്പിച്ച പത്തുശതമാനത്തിന്റെ ആനുകൂല്യവും, പുതുതായി ഏർപ്പെടുത്തിയ അധികയോഗ്യതയിൽ ഇളവും നല്കി പ്രമോട്ടു ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ഫിനാൻഷ്യൽ കോർപ്പറേഷനിൽ സേവനാവകാശ നിയമം</u>

2399 ശ്രീ. വി. ഡി. സതീശൻ
'' കെ. മുരളീധരൻ
'' റ്റി. എൻ. പ്രതാപൻ
'' തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം സേവനങ്ങളാണ് ഇതു മുഖേന ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം ബോധവൽക്കരണ പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>മരാമത്ത് കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക</u>

2400 ശ്രീ. പി. കെ. ഗുരുദാസൻ
,, സി. കെ. സദാശിവൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രയാസം നേരിടുന്നതിനാൽ സംസ്ഥാനത്ത് മരാമത്ത് പണികൾ അടക്കം പല വികസന പദ്ധതികളും മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കരാറുകാർക്ക് കുടിശ്ശികയിനത്തിൽ എന്തു തുകയാണ് നൽകുവാനുള്ളത്; കരാറുകാർക്ക് കുടിശ്ശിക നൽകാത്തതിനാൽ പണികൾ നിർത്തിവെക്കുമെന്ന് കരാറുകാരുടെ സംഘടന നൽകിയ മുന്നറിയിപ്പ് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ബജറ്റിൽ ഉൾപ്പെടുത്തിയ മരാമത്ത് പണികൾ പൂർത്തിയായോ; കുടിശ്ശിക ഇത്രയും വർദ്ധിച്ചതിനുള്ള കാരണം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

വ്യവഹാര നയം

2401

ശ്രീ. റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവഹാര നയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) സർക്കാർ കക്ഷിയായിട്ടുള്ള കേസ്സുകൾ തീർപ്പ് കല്പിക്കുന്നതിനും അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) നയം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>ഭവനനിർമ്മാണ പദ്ധതികൾ</u>

2402

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം ഭവനനിർമ്മാണ പദ്ധതികളാണ് നിലവിലുള്ളത്;

(ബി) ഇവയുടെ സബ്സിഡി മാനദണ്ഡങ്ങൾ പദ്ധതി തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ഭവനരഹിതരില്ലാത്ത കേരളം പദ്ധതി</u>

2403 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, പി. കെ. ബഷീർ
,, കെ. എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരില്ലാത്ത കേരള സൃഷ്ടിക്കായി പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ;

(ബി) ദരിദ്ര വിഭാഗത്തിനായുള്ള അനേകം സൗജന്യ ഭവന പദ്ധതികൾ വിവിധ വകുപ്പുകളുടെ കീഴിൽ വർഷങ്ങളായി നടപ്പിലാക്കി വരുന്നുണ്ടെങ്കിലും, ഇപ്പോഴും അഞ്ചുലക്ഷത്തിലേറെ കുടുംബങ്ങൾ സ്വന്തം ഭവനമില്ലാത്തവരായി തുടരേണ്ടി വരുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഭവനനിർമ്മാണ പദ്ധതിപ്രകാരമുള്ള നിർമ്മാണ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി, വിവിധ വകുപ്പുകളുടെ കീഴിലെ വ്യത്യസ്ത പദ്ധതികൾ ഏകോപിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കേരള ബിൽഡിംഗ് ബില്ലിലെ വ്യവസ്ഥകൾ</u>

2404 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ ബിൽഡിംഗ് ബിൽ (lease, standard cent and other facilities) 2012 ന്റെ കരട് ബില്ലിലെ വ്യവസ്ഥകളിൽ, വാടകക്കാരായ എല്ലാ വ്യാപാരികളുടെയും ആശങ്കകൾ അകറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വ്യാപാരികൾക്ക് കട ഒഴിഞ്ഞു കൊടുക്കേണ്ടതായ ഈ നിയമത്തിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കരട് നിയമത്തിലെ ബിൽഡിംഗ് റിപ്പയറിങ്ങും കട ഒഴിഞ്ഞുകൊടുക്കലും പിന്നീട് ഉടമയ്ക്ക് ഇഷ്ടമുണ്ടെങ്കിൽ വാടകക്കാരന് കട കൊടുത്താൽ മതി എന്ന വ്യവസ്ഥയും നീക്കം ചെയ്യുന്നതു സംബന്ധിച്ച തീരുമാനം അറിയിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് 2013-2014 സാമ്പത്തിക വർഷം ഏറ്റെടുത്ത പദ്ധതികൾ</u>

2405 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് 2013-2014 സാമ്പത്തിക വർഷം ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പദ്ധതിയുടെയും എസ്റ്റിമേറ്റ് തുക എത്രയെന്നും വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പദ്ധതി ഏറ്റെടുക്കുന്നത് ഹൗസിംഗ് ബോർഡിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ദുർബല ജനവിഭാഗങ്ങൾക്കുള്ള ഭവനപദ്ധതി</u>

2406 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് സ്വന്തമായി വീട് നിർമ്മിക്കുന്നതിന് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതി പ്രകാരവും എത്ര വീതം വ്യക്തികൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) പദ്ധതിയിലൂടെ എത്ര പേർക്ക് വീട് നൽകാനാണ് പദ്ധതി ഉദ്ദേശിച്ചിട്ടുള്ളത്; ഇതിനായി എത്ര രൂപയാണ് ചെലവാക്കുന്നത്;

(ഡി) പദ്ധതി ജനകീയമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ഗൃഹശ്രീ പദ്ധതി</u>

2407 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, പാലോട് രവി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഗൃഹശ്രീ' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സഹായങ്ങളും സബ്സിഡികളുമാണ് പദ്ധതിയനുസരിച്ച് നൽകുന്നതെന്ന് വിശദീകരിക്കുമോ;

(ഇ) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>'മൈത്രീഭവന പദ്ധതി'</u>

2408 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'മൈത്രീഭവന പദ്ധതി'യിൽ വായ്പ എടുത്തിട്ടുള്ളവരുടെ വായ്പ കുടിശ്ശിക എഴുതിതള്ളുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ ശേഷം പൂർണ്ണമായും തുക കൈപ്പറ്റാത്തവരുടെ വായ്പകൾ എഴുതിതള്ളുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ രണ്ട് ഗഡുക്കൾ വരെ കൈപ്പറ്റുകയും കുടിശ്ശിക വരുത്തുകയും ചെയ്തവരുടെ വായ്പാ കുടിശ്ശിക എഴുതിതള്ളാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ഭവനനിർമ്മാണ സാമഗ്രികളുടെ വില നിയന്ത്രണം

2409 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവന നിർമ്മാണ സാമഗ്രികളുടെ വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സർക്കാർ അധീനതയിലുള്ള ‘കലവറ’ മുഖേന എന്തെല്ലാം സാധനങ്ങളാണ് ലഭിക്കുന്നത്;

(സി) സർക്കാർ നിലവിൽ വന്ന ശേഷം പുതിയ ‘കലവറ’കൾ അനുവദിച്ചിട്ടുണ്ടോ; ഇനിയും അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എങ്കിൽ എവിടെയെല്ലാമാണെന്നു വ്യക്തമാക്കാമോ;

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>തീറാധാരം നൽകുന്നതിനുള്ള നടപടി</u>

2410 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഹൗസിംഗ് അക്കോമഡേഷൻ സ്കീമിൽ വീടും സ്ഥലവും 26 വർഷങ്ങൾക്ക് മുൻപ് വാങ്ങിയവർക്ക് തീറാധാരം നൽകുന്നതിനുള്ള എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നും എന്നത്തേക്ക് ഇവർക്ക് തീറാധാരം നൽകാൻ കഴിയുമെന്നും അറിയിക്കാമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ശാന്തിനഗർ കോളനിയിലെ വീടുനിർമ്മാണം</u>

2411 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ ശാന്തിനഗർ കോളനിയിലെ രണ്ടാംഘട്ട വീടുനിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) രണ്ടാം ഘട്ടത്തിൽ എത്ര വീടുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

വൈപ്പിൻ മണ്ഡലത്തിലെ ഭവന നിർമ്മാണ പദ്ധതി

2412 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ജനുവരി മുതൽ 2013 ഡിസംബർ വരെയുള്ള കാലയളവിൽ സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതി പ്രകാരമുളള തുക ലഭിക്കുന്നതിന് വൈപ്പിൻ മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുളള അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാലയളവിൽ സംസ്ഥാനത്തൊട്ടാകെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര പേർക്ക് തുക അനുവദിച്ചുവെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിൽ ഹൗസിംഗ് ബോർഡിനുള്ള ഭൂമി</u>

2413 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ അധീനതയിൽ വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലായി എത്ര അളവിൽ ഭൂമി നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഞാറക്കൽ പഞ്ചായത്തിൽ ഭൂമി വിൽക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ചാത്തന്നൂർ സാഫല്യം ഭവന നിർമ്മാണ പദ്ധതി

2414 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ ബോർഡ് കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന സാഫല്യം ഭവനനിർമ്മാണ പദ്ധതിയിൻ കീഴിൽ എത്ര കുടുംബങ്ങൾക്ക് താമസസൗകര്യം ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കഴിഞ്ഞുവോയെന്നും എങ്കിൽ ആരെയൊക്കെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത കെട്ടിടനിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുമോ; എന്നത്തേക്ക് പദ്ധതിപൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?